I/87735/2023

**<u>ആരോഗ്യവകുപ്പ് ഡയറക്ടറുടെ നടപടിക്രമം</u>**

**<u>തിരുവനന്തപുരം</u>**

വിഷയം:- ആരോഗ്യവകുപ്പ്: ജീവനക്കാര്യം - ആരോഗ്യവകുപ്പിലെ അസിസ്റ്റൻറ് സർജൻ തസ്തികയിലെ പൊതുസ്ഥലം മാറ്റം 2023 - ഡോ. നസിയ.കെ. സലിം, അസിസ്റ്റൻറ് സർജന് പുനർനിയമനം നൽകി ഉത്തരവാകുന്നു.

പരാമർശം:- 1. ഉത്തരവ് നം. ഇഎ2- 2422/2023/ആ.വ.ഡ തീയതി 31.05.2023.

2. 14.09.2023 തീയതിയിലെ ഒഎ (ഇ.കെ.എം)920/2023 മേലുള്ള ബഹു. ട്രിബ്യൂണലിൻറെ ഇടക്കാല ഉത്തരവ്

**<u>ഉത്തരവ് നമ്പർ ഇഎ2- 2422/2023/ആ.വ.ഡ, തീയതി:27-09-2023</u>**

ആരോഗ്യവകുപ്പിലെ അസിസ്റ്റൻറ് സർജൻ തസ്തികയിലെ 2023 പൊതുസ്ഥലം മാറ്റ പരാമർശ (1) ഉത്തരവ് പ്രകാരം ആലപ്പുഴ ജില്ലയിലെ ചേർത്തല സൗത്ത് പ്രാഥമികാരോഗ്യകേന്ദ്രത്തിലെ അസിസ്റ്റൻറ് സർജനായ ഡോ. നസിയ.കെ. സലിമിന് (പെൻ. 694068) കോഴിക്കോട് ജില്ലയിലെ സ്ത്രീകളുടെയും കുട്ടികളുടെയും ആശുപത്രിയിലെ ഡോ. ബീന.എം.എം ൻറെ ഒഴിവിലേക്ക് സ്ഥലംമാറ്റം നൽകിയിരുന്നു. ഡോ. ബീന.എം.എം ൻറെ സ്ഥലംമാറ്റത്തിനെതിരെ ടി മെഡിക്കൽ ഓഫീസർ ബഹുമാനപ്പെട്ട ട്രിബ്യൂണൽ മുൻപാകെ ഫയൽ ചെയ്ത കേസിൻറെ (ഒഎ (ഇ.കെ.എം)920/2023) ഇടക്കാല ഉത്തരവ് അനുസരിച്ച് നിലവിലെ സ്ഥാപനത്തിൽ നിന്നും വിടുതൽ ചെയ്തിട്ടില്ലാത്തതിനാൽ, ഡോ. നസിയ.കെ. സലിമിന് കോഴിക്കോട് ജില്ലയിലെ സ്ത്രീകളുടെയും കുട്ടികളുടെയും ആശുപത്രിയിൽ ജോലിയിൽ പ്രവേശിക്കുന്നതിന് സാധിച്ചിട്ടില്ല. ടി സാഹചര്യത്തിൽ ഡോ. നസിയ.കെ. സലിമിന് കോഴിക്കോട് ജില്ലയിൽ നിലവിൽ ഒഴിവുള്ള വടകര ജില്ലാ ആശുപത്രിയിലെ കാഷ്വാലിറ്റി മെഡിക്കൽ ഓഫീസർ തസ്തികയിലേക്ക് പുനർനിയമനം നൽകി ഉത്തരവാകുന്നു.

2. ടി സ്ഥലംമാറ്റ ഉത്തരവ് ഡോ. ബീന.എം.എം ഫയൽ ചെയ്ത കേസിൻറെ അന്തിമ വിധിയ്ക്കനുസരിച്ച് പുനപരിശോധിക്കുന്നതായിരിക്കും.

3. ജില്ലാ മെഡിക്കൽ ഓഫീസറും, സ്ഥാപന മേധാവിയും ആരോഗ്യവകുപ്പ് ഡയറക്ടറുടെ ഔദ്യോഗിക വെബ്സൈറ്റിൽ പ്രസിദ്ധീകരിച്ചിരിക്കുന്ന ഈ ഉത്തരവിൻറെ പകർപ്പ് മേൽ നടപടിക്കായി ഉപയോഗിക്കേണ്ടതാണ്. ടിയാളുടെ ജോയ്നിങ് തീയതി ജില്ലാ മെഡിക്കൽ ഓഫീസർ ഈ ഓഫീസിലേക്ക് റിപ്പോർട്ട് ചെയ്യേണ്ടതാണ്.

Signed by
Dr Reena K J
Date: 27-09-2023 16:42:34
ആരോഗ്യവകുപ്പ് ഡയറക്ടർ

I/87735/2023

സ്വീകർത്താവ്: ഡോ. നസിയ.കെ. സലിം, അസിസ്റ്റൻറ് സർജൻ,

പകർപ്പ് :

1. അക്കൗണ്ടൻറ് ജനറൽ കേരള (എ&ഇ), തിരുവനന്തപുരം
2. ജില്ലാ മെഡിക്കൽ ഓഫീസർ (ആ), കോഴിക്കോട്
3. ബന്ധപ്പെട്ട സ്ഥാപന മേധാവികൾ
4. ഫയൽ/ സ്റ്റോക്ക് ഫയൽ